**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **08-10-2021 - ൽ മറുപടിയ്ക്ക്**

**തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഭൂവുടമകൾ വിവിധ കാരണങ്ങളാൽ തരിശു നിലമാക്കി നിലനിർത്തിയിരിക്കുന്ന ഭൂമി, സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഭൂമി, പുറമ്പോക്ക്, പുഴയോരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തരിശുനില കൃഷിക്കനുയോജ്യമായ ഭൂമി എന്നിവയുടെ വിസ്തൃതി കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തിട്ടപ്പെടുത്തി സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികളും, കേന്ദ്രവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജന പോലുള്ള പദ്ധതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കുമൊപ്പം തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സുഭിക്ഷ കേരളം പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. |
| (ബി) | തരിശുനില കൃഷിക്ക് എന്തെല്ലാം സഹായങ്ങൾ ആണ് സർക്കാർ നൽകി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനാണ് ആനുകൂല്യം നൽകുന്നത്. തരിശുഭൂമിയിൽ പാട്ട കൃഷി ചെയ്യുന്നതിന് കർഷകനോടൊപ്പം ഭൂവുടമക്കും ആനുകൂല്യം നൽകുന്നു. സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകന് മുഴുവൻ തുകയും നൽകുന്നതാണ്. ധനസഹായം സംബന്ധിച്ച വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി ആർ. കെ. വി. വൈ. 2020-21 വർഷത്തിൽ "തരിശു ഭൂമിയിൽ ഊർജിത ഭക്ഷ്യോത്പാദനവും വിപണി ശക്തിപ്പെടുത്തലും" എന്ന പ്രോജക്ട് പ്രകാരം തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി പഴവർഗ്ഗങ്ങൾ (പ്രത്യേകിച്ച് വാഴ, പപ്പായ) |

| | | | |
|---|---|---|---|
| | | | കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യമാണ് നൽകിയിട്ടുള്ളത്. തരിശുഭൂമിയിൽ കൃഷിക്കായി 47 കോടി രൂപയാണ് പ്രോജെക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 33.12കോടി രൂപ അനുവദിക്കുകയും, 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചെലവഴിക്കുകയും ചെയ്തു. |
| (ഡി) | തരിശുനിലം കൃഷിയോഗ്യമാക്കാനുള്ള പദ്ധതിയിലേക്ക് കൂടുതൽ സന്നദ്ധസംഘടനകളെയും കർഷകരെയും ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രചരണ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | തരിശുനില കൃഷിക്ക് പരമാവധി ഭൂമി ലഭ്യമാക്കുന്നതിനും കൃഷിയിറക്കുന്നതിനും വമ്പിച്ച ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി കൃഷി, തദ്ദേശ സ്വയംഭരണ വകുപ്പുകൾ, വിവിധ മാധ്യമങ്ങളുടെ സഹായത്തോടെ ക്യാമ്പെയിനുകൾ സംഘടിപ്പിച്ചുവരുന്നു. കൃഷിക്കാർ, കർഷക സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ എന്നിവയ്ക്കു പുറമേ തൊഴിലുറപ്പ് പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികൾ എന്നിവരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തിവരുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന എഫ്. എം. റേഡിയോ ആന്റ് കമ്മ്യൂണിറ്റി റേഡിയോ ക്യാമ്പയിൻ, സോഷ്യൽ മീഡിയ പോസ്റ്റർ, പദ്ധതി സംബന്ധിച്ച പത്രവാർത്ത, റേഡിയോ കാർഷിക വാർത്ത എന്നിവയിലൂടെയും, ഞാറ്റുവേല റേഡിയോ പരിപാടിയിലൂടെയും പദ്ധതി സംബന്ധിച്ച് പ്രചാരണം നൽകിവരുന്നു. |
| (ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യുവാക്കളുടെ സഹകരണ സംഘങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തി തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതി കൂടുതൽ ജനകീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യുവാക്കളുടെ സംഘങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ തരിശുഭൂമി കൃഷിക്കുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവാക്കളുടെ സഹകരണ സംഘങ്ങളെ ആകർഷി ക്കുന്നതിനായി വിവിധ നവ-മാധ്യമങ്ങളിലൂടെ പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ച് പ്രചാരണം നടത്തുന്നതിനോടൊപ്പം നൂറുമേനി വീഡിയോ പരിപാടിയിലൂടെ സുഭിക്ഷ കേരളം നേട്ടങ്ങൾ ടെലിവിഷൻ സംപ്രേക്ഷണം വഴി പൊതുജന ങ്ങളിലെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**തരിശ് നിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ,കിഴങ്ങ് വർഗ്ഗവിളകൾ, പയർവർഗ്ഗവിളകൾ, ചെറുധാന്യങ്ങൾ (Millets) എന്നിവയുടെ വിസ്തൃതി 22,847 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആനുകൂല്യം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :**

**(എ) നെല്ല് :** സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് 40000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നാളിതുവരെ 9070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ബി) പച്ചക്കറി കൃഷി** : ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച്, 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(സി) ഫല വർഗ്ഗ കൃഷി :** ആരോഗ്യദായകമായ ഭക്ഷണങ്ങളുടെ പട്ടികയിൽ പഴങ്ങൾ ഒഴിച്ചുകൂടാനാകാത്തതാണ്. അൻപതോളം പഴയിനങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും നേന്ത്രൻ, ഞാലി പൂവൻ, പൂവൻ, കപ്പവാഴ, പാളയംകോടൻ, റോബസ്റ്റ എന്നീ ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്ത് ഒരു വർഷത്തിനകം ഉല്പാദനക്ഷമമാവുകയും ഭക്ഷ്യ - പോഷക ഭദ്രത ഉറപ്പു വരുത്തുകയും ചെയ്യുക എന്നത് ലക്ഷ്യമിട്ട് നടപ്പ് വർഷം 7000 ഹെക്ടർ സ്ഥലത്ത് യോജ്യമായ ഫലവർഗ്ഗ കൃഷി വ്യാപനത്തിന് ഹെക്ടർ ഒന്നിന് 40000 രൂപ പ്രകാരം ധനസഹായം നല്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നാളിതുവരെ 3381 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഡി) കിഴങ്ങ് കൃഷി :** നാമമാത്രമായ പരിചരണം കൊണ്ട് മികച്ച ഉല്പാദനം ലഭിക്കുന്ന കിഴങ്ങുവിളകൾ, ഉഷ്ണമേഖലയായ കേരളത്തിൽ വളരെ യോജിച്ചതാണ്. ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുര കിഴങ്ങ്, കൂർക്ക തുടങ്ങിയ ഒട്ടനവധി കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്ത് 5000 ഹെക്ടർ തരിശ് ഭൂമിയിൽ ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷി ചെയ്യിക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ നാളിതുവരെ 4908 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഇ) പയർ വർഗ്ഗ കൃഷി :** മാംസ്യത്തിന്റെ മികച്ച സ്രോതസ്സായ പയർ വർഗ്ഗങ്ങൾ നിത്യവും ആഹാരത്തിന്റെ ഭാഗമാക്കേണ്ടത് ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. ഉഴുന്ന്, മുതിര, തുവര, ചെറുപയർ, വൻപയർ ഒന്നാം വിളക്ക് ശേഷമോ രണ്ടാം വിളക്ക് ശേഷമോ കൃഷി ചെയ്യുന്നത് ഇവിടത്തെ സമ്പ്രദായമായിരുന്നു. 500 ഹെക്ടർ സ്ഥലത്ത് 30000 രൂപ സഹായത്തോടെ പയർ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിടുകയും നാളിതുവരെ 636 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(എഫ്) ചെറുധാന്യങ്ങൾ** : സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴെ മാത്രം ഉല്പാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണിൽ വലിയ പരിചരണമില്ലാതെ തന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്ന ഭക്ഷ്യവിളയാണ് ചെറുധാന്യങ്ങൾ. പ്രാഥമികമായി 500 ഹെക്ടർ തരിശ് സ്ഥലത്ത് ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിടുകയും നാളിതുവരെ 325 ഹെക്ടർ തരിശ് കൃഷി നടത്തുകയും 149163 കർഷകർ തരിശ് കൃഷിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് പ്രത്യേക പദ്ധതിയായി പരിഗണിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.